പാപ്പിനിശ്ശേരി പാമ്പ് വളർത്തൽ കേന്ദ്രം

98 (433) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിൽ വനം വകുപ്പിന്റെ അനുവാദമില്ലാതെ വന്യമൃഗങ്ങളെ സൂക്ഷിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) അനധികൃതമായി വന്യമൃഗങ്ങളെയും പാമ്പുകളെയും സൂക്ഷിച്ചതിന് വനംവകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അനധികൃതമായി വന്യമൃഗങ്ങളെ സൂക്ഷിച്ചതിന് ഇതിന്റെ നടത്തിപ്പുകാരുടെ പേരിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) പാപ്പിനിശ്ശേരി പാമ്പ് വളർത്തൽ കേന്ദ്രം ആരുടെ ചുമതലയിലാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കേന്ദ്രത്തിൽ ഏതൊക്കെ വന്യമൃഗങ്ങളെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കേന്ദ്രത്തിൽ ഏതെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥൻ അടുത്ത കാലങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ പരിശോധനയുടെ അടിസ്ഥാനത്തിൽ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(എച്ച്) പ്രസ്തുത പാമ്പുവളർത്തൽ കേന്ദ്രത്തിൽ രാജവെമ്പാല ഉൾപ്പെടെയുള്ള പാമ്പുകളിൽ നിന്നും വിഷം ശേഖരിച്ച് അന്യരാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ ഇതിന്റെ പേരിൽ എന്തുനടപടി സ്വീകരിച്ചിട്ടുണെന്ന് അറിയിക്കുമോ;

(ജെ) പ്രസ്തുത പാമ്പ് വളർത്തൽ കേന്ദ്രം അടച്ചുപൂട്ടാൻ സെൻട്രൽ സൂ അതോറിറ്റി നിർദ്ദേശം നൽകിയതായി അറിവുണ്ടോ;

(കെ) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എൽ) സൂ അതോറിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാമ്പ് വളർത്തൽ കേന്ദ്രം നിർത്തലാക്കുവാനും അതിന്റെ നടത്തിപ്പുകാർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രീ. എം.വി. രാഘവൻ പ്രസിഡന്റായുള്ള പാപ്പിനിശ്ശേരി വിഷചികിത്സ സൊസൈറ്റിയുടെ ചുമതലയിലാണ് പാപ്പിനിശ്ശേരി പാമ്പു വളർത്തൽ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്.

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 10.12.2000-ലെ സീഷർ മഹസർ പ്രകാരം രാജവെമ്പാല, മൂർഖൻ, ശംഖുവരയൻ തുടങ്ങിയ വിവിധയിനം പാമ്പുകളും (181 എണ്ണം) സിംഹവാലൻ കുരങ്ങ്, കുരങ്ങ്, മുള്ളൻപന്നി, ഉടുമ്പ് തുടങ്ങി വിവിധയിനം സസ്തനികൾ (55 എണ്ണം) മയിൽ, വർണ്ണക്കൊക്ക്, പ്രാവ് തുടങ്ങിയ വിവിധ യിനം പക്ഷികൾ (36 എണ്ണം), 73 മുതലകൾ, 24 ആമകൾ ഉൾപ്പെടെ 369 വന്യ മൃഗങ്ങളെ സൂക്ഷിച്ചതായി കാണുന്നു.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്.

(എച്ച്&ഐ) ഇതേപ്പറ്റി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

(ജെ) ഉണ്ട്.

(കെ) 10.12.2000-ൽ വനംവകുപ്പുദ്യോഗസ്ഥന്മാർ വെറ്ററിനറി ഡോക്ടർമാരുമായി പ്രസ്തുത പാമ്പുവളർത്തൽ കേന്ദ്രത്തിൽ നിന്ന് വന്യജീ വികളെ കണ്ടുകെട്ടാനുള്ള നടപടി എടുത്തിരുന്നു.

(എൽ) ഇക്കാര്യത്തിൽ സെൻട്രൽ സൂ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക നില

99 (435) ശ്രീ. കെ. അച്യുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കെ.എസ്.ആർ.ടി.സി.യുടെ ലാഭനഷ്ടങ്ങൾ എത്ര വീതമായിരുന്നു വെന്ന് വെളിപ്പെടുത്താമോ;

(ബി) കെ.എസ്.ആർ.ടി.സി. ലാഭത്തിൽ നടത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ഇപ്പോൾ വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ എന്തു തുക ആവശ്യമുണ്ട്;

(ഡി) കെ.എസ്.ആർ.ടി.സി. ബസ് മുഖാന്തിരം അപകടം പറ്റിയവർക്ക് കോടതിവിധി പ്രകാരം കൊടുത്തു തീർക്കുവാൻ ബാക്കിയുള്ള തുക എത്ര;

(ഇ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പക ളിൽ മടക്കി അടയ്ക്കുവാനുള്ള തുക എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓരോ വർഷത്തെയും ലാഭനഷ്ട കണക്ക് താഴെ ചേർക്കുന്നു.

96-97 - 28.03 കോടി (നഷ്ടം)

97-98 - 51.00 കോടി (നഷ്ടം)

98-99 - 72.35 കോടി (നഷ്ടം)

99-2000 - അക്കൗണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

(ബി) ലാഭകരമല്ലാത്ത സർവ്വീസുകൾ കണ്ടെത്തി സമയം പുനഃക്രമീ കരിച്ച് അവ ലാഭകരമായി ഓടിക്കുവാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly